പതിനാലാം കേരള നിയമസഭ

പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4362

13/12/2018 ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ

ചോദ്യം

ശ്രീ.അനൂപ് ജേക്കബ്

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പ്രളയത്തിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങളിൽ ഏതൊക്കെ പുനഃസ്ഥാപിച്ചു എന്നും പരിസ്ഥിതി സൗഹൃദപരമായാണോ പുനഃസ്ഥാപിച്ചതെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | ശബരിമല, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ പ്രളയത്തിൽ പറയത്തക്ക നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. നിലയ്ക്കൽ ബേസ് ക്യാമ്പാക്കാൻ തീരുമാനിച്ചതിനാൽ പമ്പയിൽ സൗകര്യങ്ങൾ പൂർണ്ണമായി പൂർവ്വ സ്ഥിതിയിലാക്കേണ്ട കാര്യമില്ല. പമ്പയിൽ 264 ടോയ് ലെറ്റുകൾ, റെസ്റ്റോറന്റ് ബ്ലോക്ക്, അന്നദാന മണ്ഡപം മുതലായ കെട്ടിടങ്ങൾ ഈ സീസണിൽ ഉപയോഗിക്കത്തക്ക രീതിയിൽ വൃത്തിയാക്കി പുനരുദ്ധാരണം നടത്തി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | താത്ക്കാലികമായി പുനഃസ്ഥാപിച്ച സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ